**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2868** **25-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവല്ലം പരശുരാമ ക്ഷേത്രത്തിലെ സാമ്പത്തിക അഴിമതിക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവല്ലം പരശുരാമ ക്ഷേത്രത്തിലെ കണക്കുകൾ ഇന്റേണൽ ഓഡിറ്റ് നടത്തിയപ്പോൾ സാമ്പത്തിക അഴിമതി കണ്ടെത്തിയ സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഇന്റേണൽ ആഡിറ്റ് വിഭാഗം തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രത്തിൽ ആഡിറ്റ് നടത്തിയതിൻ പ്രകാരം സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതും ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തുക ദേവസ്വത്തിലേക്ക് ഒടുക്കുവരുത്തി ക്രമപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ബി) | ഇക്കാര്യത്തിൽ സ്റ്റേറ്റ് ഓഡിറ്റിന്റെയോ സംസ്ഥാന വിജിലൻസിന്റെയോ നേതൃത്വത്തിൽ അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | കേരള സംസ്ഥാന ആഡിറ്റ് വിഭാഗം തിരുവല്ലം ദേവസ്വത്തിൽ 2020-2021 വരെയുള്ള കാലയളവിലെ ആഡിറ്റ് നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. സംസ്ഥാന വിജിലൻസിന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തുന്നതിനുള്ള സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ